Draft #10 of File 53868/AC B7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Oct-2021 04:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - 2020 അധ്യയന വര്ഷം മുതൽ കോളേജിൽ ആരംഭിക്കുന്നതിനു യു.ജി.സി അനുവാദം നൽകിയിട്ടുള്ള വിവിധ ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനുള്ള ഫീസ് നിര്ണയിക്കുന്നതിനും, ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റ് വിതരണം എന്നീ വിഷയങ്ങൾ പഠിച്ച് റിപോർട്ട് സമർപ്പിക്കുന്നതിന് നിയമിതനായ സിൻഡിക്കേറ്റ് അംഗം ഡോ.എ.ജോസ് ടി വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി കോളേജിൽ ടി കോഴ്സുകൾക്കുള്ള പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനുള്ള പരിശോധന സമിതിയെ നിയമിച്ചുകൊണ്ടും, ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അപ്പ്രൂവലിനുള്ള ഫീസ് നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5352/AC B 7/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 11.10.2021

---

*പരാമർശം:*-1) സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ 13/10/2020-ലെ STCAU/533/2020 നമ്പർ കത്ത്
2) 15/01/2021-ലെ 329/ACB 7/2021/എം.ജി.യു. നമ്പർ ഉത്തരവ്
3) 15/06/2021-ലെ 2682/ACB7/2021/എം.ജി.യു നമ്പർ ഉത്തരവ്
4) 02/09/2021-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം. 37/21.04/53868/AC B7-2/2020

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2020 അധ്യയന വര്ഷം മുതൽ Diploma in Wellness Craft Baker, Diploma in Interior & Exterior Space Designing, Diploma in Garment Making, Diploma in Digital Marketing എന്നീ സ്കിൽ ബേസ്ഡ് പ്രോഗ്രാമുകൾ ആരംഭിക്കുവാൻ യു.ജി.സി. NSQF പദ്ധതിയിൽ ഉൾപ്പെടുത്തി അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രോഗ്രാമുകളുടെ സിലബസ് പരാമർശം- 1 പ്രകാരം സർവ്വകലാശാലയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു.

NSQF പ്രോഗ്രാമുകളെ സംബന്ധിച്ച യു.ജി.സി. മാർഗനിർദ്ദേശങ്ങൾ പ്രകാരം ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസുകൾ സർവ്വകലാശാല അംഗീകരിച്ച് നൽ കേണ്ടതുണ്ട്. 31/12/2020-ലെ സിൻഡിക്കേറ്റ് യോഗം ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനുള്ള ഫീസ് നിർണ്ണയിക്കുന്നതിനും, സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന വിഷയവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗം ഡോ. എ.ജോസിനെ നിയമിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

24/05/2021-ലെ സിൻഡിക്കേറ്റ് യോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്നതിനു യു.ജി.സി അനുവാദം നൽകിയിട്ടുള്ള വിവിധ ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റ് വിതരണം സംബന്ധിച്ച് സിൻഡിക്കേറ്റ് അംഗമായ ഡോ. എ.ജോസ് നൽകിയ റിപ്പോർട്ട് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തത് പ്രകാരം UGC, സ്വയംഭരണ കോളേജുകളിൽ അനുവദിക്കുന്ന ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല അനുമതിയോടെ U G C മാർഗ്ഗനിർദ്ദേശമനുസരിച്ച് അതത് കോളേജിൽ നിന്നും നൽകുന്നതിന് അനുമതി നൽകി പരാമർശം-3 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

സെൻറ്.തെരേസാസ് കോളേജിൽ 2020 അധ്യയന വര്ഷം മുതൽ ആരംഭിക്കുന്ന വിവിധ ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനുള്ള ഫീസ് നിര്ണയിക്കുന്ന വിഷയത്തിൽ, സ്വയംഭരണ കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിന് സർവകലാശാല ഈടാക്കുന്ന അതേ നിരക്കിൽ ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനും ഫീസ് നിശ്ചയിക്കാമെന്നും ഇതടക്കം ടി കോളേജിൽ നടത്തുന്ന എല്ലാ

കോഴ്സുകളുടെയും നടത്തിപ്പിലെ പഠന, ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഒരു സിൻഡിക്കേറ്റ് തല കമ്മീഷനെ നിയമിക്കാമെന്നും ഡോ.എ.ജോസ് നൽകിയിരിക്കുന്ന ശുപാർശ കൂടി അംഗീകരിച്ചു നൽകുന്നതിന് വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

02/09/2021-ലെ സിൻഡിക്കേറ്റ് യോഗം പരാമർശം-4 പ്രകാരം വിഷയം പരിഗണിക്കുകയും, എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2020 അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനു യു.ജി.സി അനുവാദം നൽകിയിട്ടുള്ള വിവിധ ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനുള്ള ഫീസ് നിർണയിക്കുന്നതിനും, ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റ് വിതരണം എന്നീ വിഷയങ്ങൾ പഠിച്ച് റിപോർട്ട് സമർപ്പിക്കുന്നതിന് നിയമിതനായ സിൻഡിക്കേറ്റ് അംഗം ഡോ.എ.ജോസ് ടി വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി കോളേജിൽ ടി കോഴ്സുകൾക്കുള്ള പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം), ഡോ. വർഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം) എന്നിവരെ പരിശോധന സമിതിയായി നിയമിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ സിൻഡിക്കേറ്റ് അംഗം ഡോ.എ.ജോസ് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ യു.ജി.സി മാർഗനിർദേശമുള്ള ഓരോ ഡിപ്ലോമ പ്രോഗ്രാമിന്റെയും സിലബസ് അംഗീകരിക്കുന്നതിനു ഡിഗ്രി സിലബസ് അപ്പ്രൂവലിന് ഉള്ള തുക തന്നെ നിശ്ചയിക്കാം എന്ന് ശുപാർശ ചെയ്തിരുന്നു. ടി ശിപാർശ ബഹു. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2020 മുതൽ ആരംഭിച്ച ഡിപ്ലോമ കോഴ്സുകൾക്കുള്ള പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പരിശോധന സമിതിയെ നിയമിച്ചുകൊണ്ടും, ഡിപ്ലോമ പ്രോഗ്രാമുകളുടെ സിലബസ് അംഗീകാരത്തിനു 52500/- രൂപ ഫീസ് ആയി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം
4. വർഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം
5. പ്രിൻസിപ്പൽ, സെന്റ്.തെരേസാസ് കോളേജ്, എറണാകുളം
6. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
7. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
8. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
9. ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
10. പി.ആർ.ഒ/ കണ്ടന്റ് മാനേജ്മെൻറ് സെൽ/ ഐ.ക്യൂ.എ.സി.
11. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39 സെക്ഷൻ
12. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 53868/AC B7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Oct-2021 04:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം